പതിമൂന്നാം കേരള നിയമസഭ
എട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 1253.

21.03.2013 ൽ മറുപടിക്ക്

**ഇന്ധനത്തിലെ മായം പരിശോധിയ്ക്കാനുള്ള സംവിധാനം**

**ചോദ്യം**

ശ്രീ വി.എം. ഉമ്മർ മാസ്റ്റർ:
,, റ്റി.എ. അഹമ്മദ് കബീർ:
,, കെ.എം. ഷാജി:
,, എൻ. ഷംസുദ്ദീൻ:

**ഉത്തരം**

ശ്രീ. അനൂപ് ജേക്കബ്
(ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പു മന്ത്രി)

(എ) സംസ്ഥാനത്തെ സിവിൽ സപ്ലൈസ് കോർപ്പറേഷന്റേതുൾപ്പെടെയുള്ള ഇന്ധന വിതരണ കേന്ദ്രങ്ങളിലൂടെ വിതരണം ചെയ്യുന്ന ഇന്ധനത്തിൽ മായം കലർത്തിയിട്ടില്ലെന്ന് പരിശോധിച്ച് നടപടി സ്വീകരിക്കാനുള്ള സംവിധാനം കാര്യക്ഷമമല്ലെന്ന പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(എ) ഇല്ല.

(ബി) നിലവിൽ ഇതിനായുള്ള സംവിധാനമെന്താണ്; ഈ സർക്കാർ എത്ര പരിശോധനകൾ നടത്തിയിട്ടുണ്ട്. ക്രമക്കേടുകൾ നടത്തിയ എത്ര കേന്ദ്രങ്ങൾക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ട് ;

(ബി) ഓയിൽ കമ്പനി അധികൃതർ സിവിൽ സപ്ലൈസ് കോർപ്പറേഷന്റേതുൾപ്പെടെയുള്ള പമ്പുകളിൽ ഇന്ധനത്തിന്റെ ഗുണനിലവാരം ഉറപ്പുവരുത്തുവാൻ സാമ്പിൾ പരിശോധന നടത്തുന്നതോടൊപ്പം ഡെൻസിറ്റി ടെസ്റ്റും നടത്താറുണ്ട്. ഇതുകൂടാതെ സാമ്പിളുകൾ വ്യവസായ ലാബുകളിലും മൊബൈൽ ലാബുകൾ വഴിയും പരിശോധന നടത്താറുണ്ട്. ഉപഭോക്താക്കൾക്ക് ഗുണമേന്മ ഉറപ്പുവരുത്തുവാൻ ഫിൽട്ടർ പേപ്പർ ടെസ്റ്റ്, ഡെൻസിറ്റി ടെസ്റ്റ് എന്നിവ ചെയ്യുന്നതിനായി സപ്ലൈകോ വില്പന ശാലകളിൽ സംവിധാനം നിലവിലുണ്ട്. സംസ്ഥാന സർക്കാർ 22.01.2008 ൽ എസ്.ആർ.ഒ. നമ്പർ 140/2008 പ്രകാരം പ്രാബല്യത്തിൽ

വരുത്തിയ 1981 ലെ കേരള പെട്രോളിയം പ്രോഡക്ട്സ് ലൈസൻസിംഗ് ഓർഡറിനെതിരെ ഓയിൽ കമ്പനി ഡീലർമാർ റിട്ട് പെറ്റീഷൻ ഫയൽചെയ്യുകയും, 05.12.2008 ലെ ബഹു. ഹൈക്കോടതിയുടെ വിധിന്യായപ്രകാരം കേരള പെട്രോളിയം പ്രോഡക്ട്സ് ലൈസൻസിംഗ് ഓർഡറിന് സാധുതയില്ലെന്നും ഇത് പ്രാബല്യത്തിൽ വരുത്തേണ്ട കാര്യമില്ലെന്നും ഉത്തരവായ സാഹചര്യത്തിൽ സിവിൽ സപ്ലൈസ് ഡിപ്പാർട്ട്മെന്റിലെ ഉദ്യോഗസ്ഥർക്ക് കെ.പി.പി.എൽ. ഉത്തരവു പ്രകാരം പെട്രോൾ ബങ്കുകൾ പരിശോധിക്കാനുള്ള അധികാരമില്ലാത്ത സാഹചര്യമാണുള്ളത്.

(സി) പ്രസ്തുത കേന്ദ്രങ്ങളിൽ നിന്നു സൗജന്യമായി നല്കേണ്ട' വെള്ളം, വായു എന്നീ സേവനങ്ങൾ പലപ്പോഴും യന്ത്രങ്ങൾ കേടാണെന്ന കാരണത്താൽ നിഷേധിക്കുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ഇതിനെതിരെ നടപടി സ്വീകരിക്കുമോ ?

(സി) സപ്ലൈകോയുടെ വില്പനശാലകളിൽ ഇത്തരം സംവിധാനങ്ങൾ പരാതി രഹിതമായി പ്രവർത്തിച്ചുവരുന്നു. ഇത്തരം സംവിധാനങ്ങളുടെ ലഭ്യത പരിശോധിക്കുവാൻ ഓയിൽ കമ്പനി ഉദ്യോഗസ്ഥർ പതിവായി നടത്തുന്ന പരിശോധനകൾക്ക് പുറമേ മിന്നൽ പരിശോധനകൾ നടത്തുകയും പ്രസ്തുത സേവനങ്ങൾ ലഭ്യമാക്കാത്ത ഡീലർമാരിൽ നിന്നും പിഴ ഈടാക്കുകയും ചെയ്യുന്നുണ്ട്.

സെക്ഷൻ ഓഫീസർ